**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1203** | **02.05.2017-ൽ മറുപടിയ്ക്ക്** |
|---|---|

**ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ കരുമ്പുക്കോണം റോഡിന് അനുവദിച്ച ഫ്ലഡ് വർക്ക്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | 2016-2017 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം നഗരസഭയുടെ ഇടവക്കോട് വാർഡിൽ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ കരുമ്പുക്കോണം റോഡിന് അനുവദിച്ച ഫ്ലഡ് വർക്ക് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും സാങ്കേതികാനുമതിക്കായി പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നതായും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| (ബി) | നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസ് ഫയൽ നമ്പർ UE/3702/2016 -മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഈ വർക്ക് എന്നത്തേക്ക് ഏറ്റെടുത്തു പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ;ഈ വർക്കിന് എഗ്രിമെൻറ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; നോമിനിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലുണ്ടായിട്ടുള്ള കൃത്യവിലോപം വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. ടെണ്ടർ നടപടി പൂർത്തിയാക്കി സെലക്ഷൻ നോട്ടീസ് നൽകുന്നതാണ്. |
| (സി) | ഈ വർക്കിന് ടി.എസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; എന്നത്തേക്ക് ടി.എസ്. നൽകും എന്നറിയിക്കാമോ; ഇതിൽ നഗരസഭയുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; ഈ വർക്ക് അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ടി പ്രവൃത്തിക്ക് **Technical Sanction** ലഭ്യമായിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം ആയതിനുള്ള നടപടി സ്വീകരിച്ച വരുന്നുണ്ട് വീഴ്ച വരാതെ വർക്ക് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ